# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.

Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com

---

പ്രസിദ്ധീകരണത്തിന് ;

തിരുവനന്തപുരം, 15-09-2012

## സി.ബി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി - കോടതിവിധി ഉത്ക്കണ്ഠാജനകം

### കെ.എസ്.ടി.എ

**സി.ബി.എസ്.ഇ സ്കൂളുകൾക്ക് എൻ.ഒ.സി നൽകുന്നതിനുണ്ടായിരുന്ന സുപ്രധാന മാനദണ്ഡങ്ങൾ റദ്ദാക്കിയ ഹൈക്കോടതി ഡിവിഷൻ ബഞ്ച് വിധി ഉത്ക്കണ്ഠാജനകമാണെന്നും വിധിക്കെതിരെ സർക്കാർ അപ്പീൽ നൽകണമെന്നും കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. മലയാളഭാഷാപഠനം നിർബന്ധമാക്കിയ ഉത്തരവ് കോടതി റദ്ദാക്കിയിരിക്കുകയാണ്. 2000 ത്തോളം അനധികൃത സി.ബി.എസ്.ഇ സ്കൂളുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾപ്പോലും ഇല്ലാത്ത സ്കൂളുകൾക്ക് കോടതിവിധിയുടെ ഭാഗമായി അംഗീകാരം കിട്ടും. ദൂരപരിധിയുടെ കാര്യത്തിൽ നിലവിലുള്ള സർക്കാർ-എയ്ഡഡ് സ്കൂളുകളെ പരിഗണിക്കേണ്ട എന്നാണ് പറഞ്ഞിട്ടുള്ളത്. അപേക്ഷിച്ചവർക്കെല്ലാം എൻ.ഒ.സി കൊടുക്കുമെന്ന വിദ്യാഭ്യാസമന്ത്രിയുടെ പ്രഖ്യാപനത്തെ കോടതി ശരിവച്ചിരിക്കുകയാണ്. സർക്കാരും സി.ബി.എസ്.ഇ മാനേജ്മെന്റും തമ്മിലുള്ള ഒത്തുക്കളിയാണ് ഇത്തരമൊരു കോടതിവിധിക്കടിസ്ഥാനം. നല്ലനിലയിൽ പ്രവർത്തിക്കുന്ന ആയിരക്കണക്കിന് പൊതുവിദ്യാലയങ്ങളെ നിലവാരമില്ലാത്തവയെന്നാണ് സർക്കാർ കോടതിയിൽ വിശേഷിപ്പിച്ചത്. സി.ബി.എസ്.ഇ സ്കൂളുകൾ നിലവാരമുള്ളതുകൊണ്ടാണ് രക്ഷിതാക്കൾ കുട്ടികളെ അവിടേയ്ക്ക് അയക്കുന്നതെന്ന് സർക്കാർ പറഞ്ഞു. അതുകൊണ്ടാണ് കുട്ടികൾ കുറവുള്ള പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടി അവിടങ്ങളിൽ സി.ബി.എസ്.ഇ സ്കൂളുകൾ ആരംഭിക്കാൻ സർക്കാരിനോട് കോടതി ആവശ്യപ്പെട്ടത്. നാലായിരത്തോളം പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടാനുള്ള സർക്കാർ തീരുമാനം ഇതിലൂടെ പുറത്തുവന്നിരിക്കുകയാണ്. പാഠ്യപദ്ധതി അട്ടിമറിക്കുകയും പഠനപ്രവർത്തനങ്ങളെ താളംതെറ്റിക്കുകയും ചെയ്യുന്ന യു.ഡി.എഫ് സർക്കാർ പൊതുവിദ്യാലയങ്ങളെ തകർക്കാൻ ശ്രമിക്കുകയാണ്. പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടിയാൽ സൗജന്യവിദ്യാഭ്യാസം ഇല്ലാതാകും. ഇത് വിദ്യാഭ്യാസ അവകാശനിയമത്തിന്റെ ലംഘനം കൂടിയാണ്. വിദ്യാഭ്യാസക്കച്ചവടക്കാർക്ക് ഒത്താശ നൽകുന്ന സർക്കാർ നിലപാട് തിരുത്തിയില്ലെങ്കിൽ ശക്തമായ പ്രക്ഷോഭം ആരംഭിക്കുമെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ മുന്നറിയിപ്പ് നൽകി.**

**എം. ഷാജഹാൻ**

ജനറൽ സെക്രട്ടറി